# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## സമർപ്പണത്തിൽനിന്നും വിരിയുന്ന ആനന്ദവും വിശ്വസ്തതയും



പാപ്പാ ഫ്രാൻസിസിന്റെ 10-ാമത് അപ്പസ്തോലിക സന്ദർശനത്തിൽ സെപ്തംബർ 26-ാം തീയതി ശനിയാഴ്ച രാവിലെ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിൽ ഫിലഡെൽഫിയയിലെ കത്തീഡ്രൽ ദേവാലയത്തിലെ ദിവ്യബലിമദ്ധ്യേ നൽകിയ വചനചിന്തകൾ. ഫിലാഡെൽഫിയയിലെ മെത്രാന്മാർ, വൈദികർ, സന്യസ്തർ, അൽമായ പ്രതിനിധികൾ എന്നിവർക്കൊപ്പമാണ് പാപ്പാ ദിവ്യബലിയർപ്പിച്ചത്.

ഫിലാഡെൽഫിയ കത്തീഡ്രലിന്റെ ഉയർന്ന കനത്ത ഭിത്തികളെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് മനസ്സിലായത് ഇത് ഇവിടത്തുകാർക്കുള്ള സ്വഭാവമല്ല; അവർ ഭിത്തികൾ പണിയുകയല്ല; മറിച്ച് അവ തകർക്കുകയാണ്. എന്ന് സ്വാർത്ഥതയുടെയും തൻകാര്യത്തിന്റെയും ഭിത്തികൾ ഇവിടത്തെ സമർപ്പിതരായ കത്തോലിക്കർ തലമുറതലമുറയായി തകർത്ത് പ്രാർത്ഥനയുടെയും, പഠനത്തിന്റെയും കൂട്ടായ്മയുടെയും സ്നേഹത്തിന്റെ യും സേവനത്തിന്റെയും വിസ്തൃതമായ സമൂഹങ്ങൾ നിർമ്മിക്കുകയാണ്.

ഈ നഗരത്തിന്റെ പ്രത്യേകതയാണ് മുട്ടിനു മുട്ടിനുള്ള ദേവാലയങ്ങൾ. ഉയർന്ന മണിമാളികകളും ഗോപുരങ്ങളും മനുഷ്യരിലും സമൂഹങ്ങളിലും ദൈവികസാന്നിദ്ധ്യത്തിന്റെ സ്മരണകൾ ഉണർത്തുന്നു. രണ്ടു നൂറ്റാണ്ടായി ഇന്നാട്ടിലെ വൈദികരും സന്യസ്തരും അൽമായരും ഇവിടത്തെ പാവങ്ങളുടെയും തടവുകാരുടേയും ആത്മീയ ആവശ്യങ്ങൾക്കായി അക്ഷീണം പരിശ്രമിക്കുന്നുണ്ട്. ഇത് നിങ്ങൾക്ക് ലഭിച്ചിട്ടുള്ളതും, എന്നും കൈമാറേണ്ടതും പരിപോഷിപ്പിക്കപ്പെടേണ്ടതുമായ ഇന്നാടിന്റെ മഹത്തായ പൈതൃകമാണ്.

ഫിലദൽഫിയായിലെ പ്രാദേശികസഭ വളർത്തിയെടുത്ത മഹാസിദ്ധരിൽ ഒരാളായ ക്യാതറീൻ ഡ്രെക്സലിന്റെ കഥ നിങ്ങൾ കേട്ടുകാണും. മിഷന്റെ ആവശ്യങ്ങളെക്കുറിച്ച് അവൾ ലിയോ പതിമൂന്നാമൻ പാപ്പായോടു ചോദിച്ചപ്പോൾ മഹാനായ പാപ്പ അവളോടു നേരെ ചോദിച്ചത്രേ നിനക്ക് സാധിക്കില്ലേ, നീ എന്തുചെയ്യാൻ പോവുകയാണ്? എന്ന് പാപ്പായുടെ ചോദ്യമാണ് ക്യാതറിന്റെ ജീവിതത്തെ മാറ്റിമറിച്ചത്. അന്ന് അവൾക്ക് കാരണം മനസ്സിലായി, അതായത് ജ്ഞാനസ്നാനത്തിന്റെ അവസരത്തിൽത്തന്നെ ഓരോ ക്രൈസ്തവനും

പ്രേഷിതവിളി സ്വീകരിച്ചിട്ടുള്ളതാണ്. ക്രിസ്തുവിന്റെ മൗതികദേഹമാകുന്ന സഭയെ പരിരക്ഷിക്കുന്നതിനും വളർത്തുന്നതിലുമുള്ള ഉത്തരവാദിത്തത്തോട് നാം ഓരോരുത്തരും പ്രതികരിക്കേണ്ടതാണ്.

നിങ്ങൾ എന്തു പറയുന്നു? നിങ്ങൾ വൈദികരോ ഡീക്കന്മാരോ സന്ന്യാസസമൂഹത്തിലെ അംഗങ്ങളോ, ആരുമായിക്കൊള്ളട്ടെ സുവിശേഷസന്തോഷം പ്രസരിപ്പിക്കുന്നതിലും സഭയെ പരിപോഷിപ്പിക്കുന്നതിലും ഈ ചോദ്യത്തിന്റെ രണ്ടു വശങ്ങളെക്കുറിച്ച് നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. ആദർശധീരയായ ഒരു യുവതിയോടാണ് നിങ്ങൾ എന്തു പറയുന്നു? എന്ന ചോദ്യം ആദ്യം ചോദിച്ചത്. അത് അവളുടെ ജീവിതത്തിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. താൻ ചെയ്തു തീർക്കേണ്ട മഹത്തായ കാര്യങ്ങളെക്കുറിച്ച് അവളെ ആ ചോദ്യം ഓർമ്മിപ്പിക്കുകയും, തന്റേതായ കഴിവുകൾ പങ്കുവയ്ക്കാൻ അവൾ വിളിക്കപ്പെട്ടിരിക്കുകയാണെന്ന് മനസ്സിലാക്കുകയും ചെയ്തു. നമ്മുടെ ഇടവകകളിലും സ്കൂളുകളിലുമുള്ള എത്രയോ യുവാക്കൾക്ക് ഈ ലക്ഷ്യവും ഔദാര്യത്തിന്റെ അരൂപിയും, ക്രിസ്തുവിനോടും സഭയോടുമുള്ള സ്നേഹവുമുണ്ട്? നാം അവരെ വെല്ലുവിളിക്കാറുണ്ടോ? അവരുടെ കഴിവുകൾ പങ്കുവഹിക്കുവാനും പ്രകടമാക്കുവാനും വേണ്ടുവോളം ഇടം നാം അവർക്കു നൽകാറുണ്ടോ? നമ്മുടെ സമൂഹത്തിൽ, വിശിഷ്യ കാരുണ്യപ്രവൃർത്തികൾ ചെയ്യുന്നതിലും, മറ്റുള്ളവരെ സഹായിക്കുന്നതിലും അവരുടെ ആവേശവും കഴിവുകളും ഉപയോഗപ്പെടുത്തുവാനും പങ്കുവയ്ക്കുവാനുമുള്ള വഴി നാം ഒരുക്കാറുണ്ടോ? നാം നമ്മുടെതന്നെ സന്തോഷവും ഉന്മേഷവും കർത്താവിനെ ശുശ്രൂഷിക്കുന്നതിനായി നൽകാറുണ്ടോ?

സഭാദൗത്യത്തിൽ പങ്കുചേരുവാനുള്ള വ്യക്തിഗതമായൊരു ബോധവും മിഷണറി ജോലി പ്രേഷിത പ്രവർത്തനം ഏറ്റെടുക്കുവാനും പൂർത്തീകരിക്കുവാനുമുള്ള കഴിവും എല്ലാ വിശ്വാസികളിലും വളർത്തിയെടുക്കുക, അങ്ങനെ ഈ ലോകത്ത് സുവിശേഷത്തിന്റെ പുളിമാവാക്കുക എന്നതാണ്, ഈ കാലഘട്ടത്തിൽ സഭ നേരിടുന്ന മഹത്തായ വെല്ലുവിളി. മാറുന്ന സാഹചര്യങ്ങളോട് ഇഴുകിച്ചേരുവാനുള്ള ക്രിയാത്മകത ഇവിടെ ആവശ്യമാണ്. കാരണം പഴമയുടെ പൈതൃകം മുന്നോട്ടു കൊണ്ടുപോകേണ്ടത് നമ്മെ തുണച്ചിട്ടുള്ള സ്ഥാപനങ്ങളും അവയുടെ ഘടനകളും നിലനിർത്തിക്കൊണ്ടല്ല. അതിനും ഉപരിയായി ദൈവാത്മാവു നൽകുന്ന നവമായ സാദ്ധ്യതകളോട് തുറവി കാണിച്ചുകൊണ്ടും സുവിശേഷസന്തോഷം ജീവിതത്തിൽ എല്ലാദിവസവും എക്കാലത്തും പങ്കുവച്ചുകൊണ്ടുമാണ്.

നിങ്ങൾ എന്തു പറയുന്നു? ഈ ചോദ്യം ഒരു അൽമായസ്ത്രീയോട്-സാധാരണ സ്ത്രീയോട്- ചോദിക്കുന്നത് ഉചിതമാണ്. കാരണം, ധ്രുതഗതിയിൽ പരിവർത്തനങ്ങൾക്ക് വിധേയമാകുന്ന സഭയുടെ ഭാവിക്ക് അൽമായരുടെ സജീവമായ പങ്കാളിത്തം ആവശ്യപ്പെടുന്നുണ്ട്. അമേരിക്കയിലെ സഭ മതബോധനത്തിന്റേയും വിദ്യാഭ്യാസത്തിന്റെയും മേഖലകളിൽ മഹത്തായ സമർപ്പണവും പുരോഗതിയും പ്രകടമാക്കിയിട്ടുണ്ട്. ഈ നല്ല അടിത്തറയിൽ ഇനിയും ഊന്നിക്കൊണ്ട് ഭാവിതലമുറയ്ക്കായി നവമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ സഹകരണത്തിന്റെയും കൂട്ടായ ഉത്തരവാദിത്തത്തിന്റെയും മനോഭാവം വളർത്തുക എന്നതാണ് ഇതിന്റെ വെല്ലുവിളി. എന്നാൽ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ആത്മീയാധികാരം കൈവെടിയുക എന്ന് ഇതിന് അർത്ഥമില്ല, മറിച്ച് ദൈവാരൂപി സഭയിലൂടെ നമ്മിൽ വർഷിച്ചിരിക്കുന്ന ബഹുമുഖങ്ങളായ ദാനങ്ങൾ വിവേകത്തോടും വിവേചനത്തോടുംകൂടി ഉപയോഗിക്കുക. പ്രത്യേകിച്ച് സ്ത്രീകൾ, അൽമായരും സന്യസ്തരുമായവർ സമൂഹജീവിതത്തിന് നൽകിയിട്ടുള്ളതും നൽകിക്കൊണ്ടിരിക്കുന്നതുമായ മഹത്തായ സംഭാവനകൾ വിലമതിക്കുക.

നിങ്ങളുടെ ദൈവവിളിയെ പ്രചോദിപ്പിച്ച നിങ്ങൾ എന്തു പറയുന്നു എന്ന ക്രിസ്തുവിന്റെ ചോദ്യത്തിനു നിങ്ങൾ നൽകുന്ന ഉത്തരത്തിനും നിങ്ങളുടെ പ്രതികരണത്തിനും, പ്രിയ സഹോദരങ്ങളേ, നന്ദി പറയുന്നു. ക്രിസ്തുവുമായുള്ള പ്രഥമ കൂടിക്കാഴ്ച്ചയുടെ ആനന്ദം കാത്തുസൂക്ഷിക്കണമെന്നും നവീകരിക്കണമെന്നും ഞാൻ നിങ്ങ ളെ ഓർമ്മിപ്പിക്കുന്നു. മാത്രമല്ല അതിൽനിന്നും നവമായ ആനന്ദവും വിശ്വസ്തതയും ശക്തിയും ഉൾക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഈ ദിവസങ്ങളിൽ ഞാൻ നിങ്ങളുടെകൂടെയുണ്ട്. എന്നാൽ ഈ

പരിപാടികളിൽ പങ്കെടുക്കാനാവാത്ത നിരവധി സഹോദരങ്ങൾക്ക് പ്രത്യേകിച്ച് പ്രായമായ വൈദികർക്കും സന്യസ്തർക്കും എന്റെ സ്നേഹം നിറഞ്ഞ അഭിവാദ്യങ്ങൾ അറിയിക്കുന്നു.

ആഗോള കുടുംബസംഗമത്തിന്റെ ഈ അവസരത്തിൽ കുടുംബങ്ങൾക്കായുള്ള പ്രേഷിതപ്രവർത്തനങ്ങളിലും ശുശ്രൂഷകളിലും ദമ്പതികളുടെ വിവാഹത്തിനായുള്ള ഒരുക്കത്തിലും യുവജനങ്ങളുടെ രൂപവത്കരണത്തിലും പ്രത്യേകം ശ്രദ്ധപതിക്കണമെ ന്ന് അനുസ്മരിപ്പിക്കുന്നു. ഇടവകകളുടെയും സ്ഥാപനങ്ങളുടെയും പശ്ചാത്തലത്തിൽ അവരുടെ വിശ്വാസയാത്രയിൽ നിങ്ങൾ കുടുംബങ്ങളെ ഏറെ പിന്തുണയ്ക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. പ്രത്യേകം അവർക്കുവേണ്ടിയും ആസന്നമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള സിനഡിന്റെ തീരുമാനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ലഭിച്ച നന്മകൾക്ക് നന്ദിയുള്ളവരായും, ഇനിയുള്ള ആവശ്യങ്ങളിൽ ആത്മവിശ്വാസം ഉള്ളവരാകുവാനും നമുക്ക് കന്യകാനാഥയിലേക്ക് തിരിയാം. അവിടുത്തെ തിരുക്കുമാരന്റെ കുരിശിന്റെ ശക്തിയാൽ ലോകത്ത് സന്തോഷവും പ്രത്യാശയും ശക്തിയും പകരുന്ന സാക്ഷ്യം വഹിക്കുന്നതിന് അമേരിക്കയിലെ സഭയുടെ വളർച്ചയിലും പ്രവാചകവീക്ഷണത്തോടെയുള്ള മുന്നേറ്റത്തിലും പരിശുദ്ധ അമ്മയുടെ സ്നേഹം മാദ്ധ്യസ്ഥമാവട്ടെ!

''ഞാൻ നിങ്ങൾക്ക് ഓരോരുത്തർക്കുംവേണ്ടി പ്രാർത്ഥിക്കാം, ദയവായി നിങ്ങൾ എനിക്കുവേണ്ടിയും പ്രാർത്ഥിക്കുമല്ലോ'' എന്ന അഭ്യർത്ഥനയോടെയാണ് പാപ്പാ വചനപ്രഘോഷണം ഉപസംഹരിച്ചത്